# അല്‍മായവേദി ന്യൂസ് ബുള്ളറ്റിന്‍

അഖില മലങ്കര ഓര്‍ത്തഡോക്സ് അല്‍മായവേദി പ്രസിദ്ധീകരണം

Web Edition Only

2008 ജനുവരി 19


## അടിയന്തിര മാനേജിംഗ് കമ്മറ്റി 25-ന്

ആലുവാ: മലങ്കര അസോസിയേഷന്‍ മാനേജിംഗ് കമ്മറ്റിയുടെ അടിയന്തിരയോഗം ജനുവരി 25-ന് ആലുവാ തൃക്കുന്നത്തു സെമിനാരിയില്‍ നടക്കും.

## തൃക്കുന്നത്തു സെമിനാരി പെരുന്നാള്‍: വിപുലമായ ഒരുക്കം

ആലുവാ: ആലുവാ തൃക്കുന്നത്തു സെമിനാരിയില്‍ കബറടങ്ങിയിരിക്കുന്ന കുറ്റിക്കാട്ടില്‍ പൗലൂസ് മാര്‍ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ഓര്‍മ്മപ്പെരുന്നാളിനു വിപുലമായ ഒരുക്കങ്ങള്‍ പൂര്‍ത്തിയായതായി മാനേജര്‍ ഫാ. മത്തായി ഇടയനാല്‍, അസി. മാനേജര്‍ ഫാ. യാക്കോബ് തോമസ് എന്നിവര്‍ അറിയിച്ചു. ജനുവരി 25, 26 തീയതികളിലാണ് പെരുന്നാള്‍.

കഴിഞ്ഞവര്‍ഷം അങ്കമാലി ഭദ്രാസനത്തിലുള്ളവരെ ഒഴിവാക്കി പെരുന്നാള്‍ സ്വകാര്യ ചടങ്ങാക്കി മാറ്റിയ നടപടിയാണ് പുത്തന്‍കുരിശു മെത്രാന്മാര്‍ക്ക് 2007 ജനുവരി 25-നു അവിടെ കയറുവാന്‍ അവസരമുണ്ടാക്കിയത്. ഇത് ഒരു ആസൂത്രിത ഗൂഡാലോചനയുടെ ഭാഗമായിരുന്നു എന്ന് അല്‍മായവേദി നേരത്തെ റിപ്പോര്‍ട്ടു ചെയ്തിരുന്നു.

ഈ വര്‍ഷം അതുണ്ടാകില്ലെന്നും വടക്കന്‍ ഭദ്രാസനങ്ങള്‍ സംയുക്തമായാണ് പെരുന്നാള്‍ ആഘോഷിക്കുന്നതെന്നും മാനേജര്‍ അറിയിച്ചു. പെരുന്നാള്‍ ചടങ്ങുകളില്‍ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ, ഡോ. മാത്യൂസ് മാര്‍ സേവേറിയോസ്, പൗലോസ് മാര്‍ പക്കോമിയോസ് എന്നിവര്‍ പങ്കെടുക്കും.

എന്നാല്‍ വടക്കന്‍ ഇടവകകളിലെ മറ്റു മെത്രാന്മാരെ പങ്കെടുപ്പിക്കാത്തത് മറ്റൊരു ഗൂഡാലോചനയാണെന്ന് ആരോപണം ഉയര്‍ന്നിട്ടുണ്ട്.

## ലീഗല്‍ സെല്‍ വിഭജനവാദത്തിലേയ്ക്ക്: എതിര്‍പ്പ് രൂക്ഷം

കോട്ടയം: മലങ്കര ഓര്‍ത്തഡോക്സ് സഭയുടെ കേസു നടത്തിപ്പിന്റെ ചുമതലയുള്ള ലീഗല്‍ സെല്ലിലെ ഒരു വിഭാഗം വിഭജനവാദവുമായി മുമ്പോട്ടു നീങ്ങുന്നു. കൂട്ടായ പ്രസ്താവനകളൊന്നും ഇതുവരെ ഉണ്ടായില്ലെങ്കിലും ലീഗല്‍ സെല്ലിലെ പ്രബല അംഗങ്ങള്‍ വിഭജനത്തിനുള്ള കളം ഒരുക്കുകയാണെന്ന ആരോപണം ശക്തമായി.

കേസുനടത്തിപ്പിന്റെ ചുമതല ഒറ്റയ്ക്കു കൈകാര്യം ചെയ്യുന്ന മെത്രാപ്പോലീത്താ സഭാ ഭരണഘടന ഭേദഗതി ചെയ്ത് ഒന്നാം വകുപ്പില്‍ നിന്നും പാത്രിയര്‍ക്കീസിനെ ഒഴിവാക്കണമെന്ന ആവശ്യവുമായി കുറേക്കാലമായി രംഗത്തുണ്ട്. ഇത് ഒഴിവാക്കുന്നതോടെ യോജിപ്പ് അസാദ്ധ്യമാകുമെന്നാണ് ഇദ്ദേഹത്തിന്റെ കണക്കുകൂട്ടല്‍. ഈ ഭേദഗതിയുടെ മറവില്‍ സഭയില്‍ എപ്പിസ്ക്കോപ്പല്‍ ഏകാധിപത്യം നടപ്പാക്കുന്ന ഭേദഗതികളും പാസാക്കിയെടുക്കാമെന്നും ഇദ്ദേഹം കണക്കുകൂട്ടുന്നു.

കഴിഞ്ഞ ദിവസം ലീഗല്‍ സെല്‍ അംഗമായ ഒരു പ്രമുഖ മെത്രാപ്പോലീത്താ ഇരുവിഭാഗത്തിലും മാറിയും മറിഞ്ഞും നടന്ന് ഇപ്പോള്‍ പുത്തന്‍ കുരിശു സൊസൈറ്റിയില്‍ ചേക്കേറിയിരിക്കുന്ന ഒരു മെത്രാപ്പോലീത്തായോട് വിമാനയാത്രാമദ്ധ്യേ "ഇനി സഭ കേസിനു കാശു മുടക്കില്ലെന്നും, കയ്യിലുള്ളതൊക്കെ മതിയെന്നും" പ്രസ്താവിച്ചതാണ് ഈ സംശയം ബലപ്പെടാന്‍ കാരണം. പുത്തന്‍കുരിശു സൊസൈറ്റിയിലെ മെത്രാപ്പോലീത്താ ഈ സംഭാഷണം പരസ്യമാക്കിയതോടെ വിഭജനത്തിനെതിരെയുള്ള എതിര്‍പ്പും രൂക്ഷമായി.

ലീഗല്‍സെല്ലിലെ അഭിഭാഷകന്‍ വിഭജനമല്ലാതെ മറ്റു മാര്‍ഗ്ഗമില്ലെന്നു പ്രചരിപ്പിക്കുന്നത് പുതിയ യജമാനന്മാരെ പ്രീതിപ്പെടുത്താനാണെന്നും പറയപ്പെടുന്നു.

ലീഗല്‍സെല്‍ അംഗങ്ങളായ വൈദിക - അല്‍മായ ട്രസ്റ്റിമാര്‍ കടുത്ത വിഭജന വിരുദ്ധരായതിനാല്‍ അവരെ അറിയിക്കാതെയാണ് ഈ നീക്കം നടത്തുന്നത്.

## വിഭജനനീക്കം കോടതിയലക്ഷ്യം: നിയമവിദഗ്ദര്‍

കൊച്ചി: മലങ്കരസഭയെ വിഭജിച്ച് ഒരു ഭാഗം പുത്തന്‍കുരിശു സൊസൈറ്റിക്കു നല്‍കാനുള്ള നീക്കം സുപ്രീംകോടതി വിധിയുടെ അന്തഃ സത്തയ്ക്കു വിരുദ്ധമാണെന്നും അതിനാല്‍ കോടതിയലക്ഷ്യമാണെന്നും നിയമവിദഗ്ദര്‍ ചൂണ്ടിക്കാട്ടുന്നു.

സഭയിലെ വിഭാഗീയത അവസാനിപ്പിക്കണമെന്ന വ്യക്തമായ കാഴ്ചപ്പാടോടെയാണ് സുപ്രീംകോടതി അന്തിമവിധി പുറപ്പെടുവിച്ചത്. അതിനു വിരുദ്ധമായി നടത്തുന്ന വിഭജനശ്രമത്തെ ഏതു സഭാംഗത്തിനും കോടതിയില്‍ ചോദ്യം ചെയ്യാം. അങ്ങനെ വന്നാല്‍ കോടതി വിഭജിക്കാന്‍ ശ്രമിക്കുന്നവരുടെ പേരില്‍ സ്വമേധയാ കോടതിയക്ഷ്യക്കേസ് എടുക്കാനും സാദ്ധ്യതയുണ്ടെന്ന് അവര്‍ ചൂണ്ടിക്കാട്ടി.

ഇനിയും ഒരു വിഭജനം സാദ്ധ്യമാണെങ്കിൽതന്നെ അതിനു മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ അനുമതി ആവശ്യമാണെന്നും അവർ ചൂണ്ടിക്കാട്ടി. 2002-ലെ വിധിക്കു ശേഷം മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് വിഭജനം നിയമപരമായി അസാദ്ധ്യമാണെന്നാണ് ഒരു പ്രമുഖ നിയമവിദഗ്ദന്റെ നിരീക്ഷണം.

# കോടതിയെ സമീപിക്കും: വിഭജനവിരുദ്ധർ

പന്തളം: മലങ്കരസഭയെ വിഭജിക്കാൻ ആരെങ്കിലും ശ്രമിക്കുന്നപക്ഷം കോടതിയെ സമീപിക്കുമെന്ന് വിഭജന വിരുദ്ധരുടെ കൂട്ടായ്മ അസന്നിഗ്ദമായി പ്രഖ്യാപിച്ചു.

സ്വന്തം സ്ഥാനത്തിനു നിരക്കാത്ത പ്രവർത്തികളിൽ നിന്നും പ്രസ്താവനകളിൽ നിന്നും മെത്രാപ്പോലീത്താമാർ പിന്മാറണമെന്ന് അവർ ആവശ്യപ്പെട്ടു.

# അവഗണന: അമർഷം പുകയുന്നു

കുമളി: ഇപ്പോൾ സഭയിൽ ഏകാധിപത്യം നടത്തുന്ന ഏതാനും മെത്രാന്മാർ വൈദിക - അൽമായട്രസ്റ്റിമാരെയും അസോസിയേഷൻ സെക്രട്ടറിയെയും നിരന്തരം സഭാവേദികളിൽ തഴയുന്നതിൽ അമർഷം പുകയുന്നു. സുപ്രധാന തീരുമാനങ്ങൾ എടുക്കുന്നതിൽ പോലും സ്ഥാനികളെ പങ്കെടുപ്പിക്കുന്നില്ലെന്നും ആരോപണമുണ്ട്.

**ഓഫ് സൈഡ് - ഓഫ് സൈഡ്**

# വല്യാനെയ്ക്കെന്തിനാ മണി?

ഇടുക്കി ഭദ്രാസന അരമനചാപ്പലിന്റെ കൂദാശയ്ക്ക് മലയാളമനോരമയിൽ ഒരു പേജ് സപ്ലിമെന്റ്. ഗംഭീരം! പ. പിതാവിന്റെയും ശ്രേഷ്ഠ നിയുക്ത ബാവായുടെയും പടം ഇടതുവശത്ത്. രണ്ടു പേർക്കും പേരും അഡ്രസുമില്ല. വല്യാനയ്ക്കെന്തിനാ മണി? പോട്ടെ എന്നു വയ്ക്കാം.

ഇടതുവശത്ത് അതേ വലിപ്പത്തിൽ ഒരു വന്ദ്യ വൈദികന്റെ പടവുമുണ്ട്. പേര്, യഥാർത്ഥത്തിലുള്ള ഔദ്യോഗിക പദവി, ഇവ കൂടാതെ മലങ്കരസഭയിൽ കേട്ടു കേഴ്‌വി പോലുമില്ലാത്ത “ഭദ്രാസന അഡ്മിനിസ്ട്രേറ്റർ” എന്ന ഒരു പദവി കൂടി ചേർത്തിട്ടുണ്ട്.

അടുത്ത മെത്രാൻ തിരഞ്ഞെടുപ്പിൽ മൽസരിക്കുന്ന ഈ ദേഹത്തിന്റെ പാവനസ്മരണയ്ക്കാണ് ഈ സപ്ലിമെന്റിന് പള്ളി പണിതുകൊടുത്ത വ്യക്തിയെക്കൊണ്ടു തന്നെ കാശു മുടക്കിച്ചതെന്നു പിന്നാമ്പുറ സംസാരം.




രാവിലെ പത്രം നോക്കിയിട്ടും പത്രങ്ങളുടെ ഇന്റർനെറ്റ് എഡിഷൻ പരതിയിട്ടും മലങ്കരസഭാ വാർത്തകളൊന്നും കണ്ടില്ലേ?
നിരാശപ്പെടേണ്ട.
നമുക്ക് നമ്മുടെ സ്വന്തം മാധ്യമമുണ്ടല്ലോ?
മലങ്കര ഓർത്തഡോക്സ് ടി. വി.

നിങ്ങൾക്ക് ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ ഉണ്ടെങ്കിൽ മലങ്കര ഓർത്തഡോക്സ് ടി. വി. നിങ്ങൾക്ക് ശരിയായി പ്രയോജനപ്പെടുത്താൻ സാധിക്കും

കാഴ്ചയുടെയും കേൾവിയുടെയും അപൂർവ്വ വിസ്മയങ്ങളുമായി...

മലങ്കര ഓർത്തഡോക്സ് ടിവി

www.malankaraorthodox.tv/

നിങ്ങളുടെ രചനകൾ (ലേഖനങ്ങളോ, കവിതകളോ, പുസ്തകമോ) ഓൺലൈനിൽ പ്രസിദ്ധീകരിക്കപ്പെടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ
എം. ടി. വി. അതിന് അവസരമൊരുക്കുന്നു.
joicethottackad@yahoo.com
എന്ന വിലാസത്തിൽ ബന്ധപ്പെടുക